# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1385/2026 C - 07
01/06/2026

### ഇടവകതല പാക്ട് പുനഃക്രമീകരണം

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

നമ്മുടെ അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനും വേണ്ടി ഇടവക-ഫൊറോന- അതിരൂപതാതലങ്ങളിൽ പ്രവർത്തിക്കുന്ന സംവിധാനമായ PACT/പാക്ട് (Pastoral Animation and Coordination Team) രൂപം കൊള്ളുന്നത് 2018ൽ നടന്ന മൂന്നാം അതിരൂപത അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ്. നിയതമായ ഘടനയും നിയമാവലിയും പാക്ട് സംവിധാനത്തിന് അന്നുമുതലേ ഉണ്ടായിരുന്നു. അതിരൂപത അസംബ്ലിയിൽ ഉന്നയിക്കപ്പെട്ട പ്രധാന വിഷയങ്ങളെ ആസ്പദമാക്കി ഓരോ വർഷവും അതിരൂപതയുടെ അജപാലന പദ്ധതി, അതിരൂപത പാക്ട് സെക്രട്ടറിയേറ്റിൽ നിന്നും പ്രസിദ്ധീകരിക്കാറുള്ളതും നമുക്ക് അറിവുള്ളതാണല്ലോ.

ചില കാരണങ്ങളാൽ ഏതാനും ഇടവകകളിൽ പാക്ട് രൂപീകരിക്കപ്പെടുകയുണ്ടായില്ല; രൂപീകൃതമായ ചില ഇടവകകളിലാകട്ടെ പാക്ടിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും ചെയ്തു. അതിരൂപതയാകുന്ന പ്രാദേശികസഭയിലെ എല്ലാഗണം അംഗങ്ങളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞ് സുദീർഘമായ നടപടിക്രമങ്ങളിലൂടെയാണ് മൂന്നാം അതിരൂപത അസംബ്ലി പൂർത്തിയായതെന്ന് നാം ഓർക്കുന്നുണ്ടല്ലോ. അത്തരമൊരു അസംബ്ലിയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിനായി അസംബ്ലിതന്നെ നിർദ്ദേശിച്ച പാക്ട് സംവിധാനം പ്രവർത്തന

നിരതമാക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ഉത്തരവാദിത്തമാണ്. പാക്ട് കാര്യക്ഷമമായി പ്രവർത്തിച്ചാൽ നമ്മുടെ അതിരൂപതയ്ക്ക് ഒട്ടേറെ നന്മയുണ്ടാകുമെന്നത് തീർച്ചയാണ്.

പാക്ടിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള മാർഗ്ഗങ്ങളെപ്പറ്റി ബഹു. ഫൊറോന വികാരിമാരുടെ മീറ്റിംങ്ങിലും പാക്ട് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംങ്ങിലും ചർച്ച ചെയ്തിരുന്നു. ഇടവകകളിൽ നിലവിലുള്ള സംവിധാനങ്ങളുടെയും സമിതികളുടെയും ഭാരവാഹികളെ ഉൾപ്പെടുത്തിക്കൊണ്ട് പാക്ട് രൂപീകരിക്കുകയാണങ്കിൽ കാര്യങ്ങൾ സുഗമമാകും എന്ന വിലയിരുത്തലാണ് മേല്പറഞ്ഞ മീറ്റിങ്ങുകളിൽ ഉരുതിരിഞ്ഞത്. ഈ സാഹചര്യത്തിൽ ഇടവകതല പാക്ടിനെ സംബന്ധിക്കുന്ന പുതിയ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

a. **ഇടവകതല പാക്ട് അംഗങ്ങൾ**

1. ബഹു. ഇടവക വികാരി
2. ബഹു. ഇടവക അസിസ്റ്റന്റ് വികാരി/അസിസ്റ്റന്റ് വികാരിമാർ
3. ഇടവക കൈക്കാരന്മാർ
4. ഇടവക പ്രതിനിധിയോഗം സെക്രട്ടറി
5. ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ
6. ഇടവക ഏകോപനസമിതി സെക്രട്ടറി

b. ഔദ്യോഗികസ്ഥാനം വഴി അംഗമാകുന്ന ഇവർ, സ്ഥാനം ഒഴിയുമ്പോൾ പാക്ടിൽ അംഗമല്ലാതാകുകയും പകരം ഔദ്യോഗികസ്ഥാനങ്ങളിലെത്തുന്നവർ പാക്ടിൽ പുതിയ അംഗങ്ങളാകുകയും ചെയ്യുന്നതാണ്.

c. ഇടവക പ്രതിനിധിയോഗം സെക്രട്ടറി, ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, ഇടവക ഏകോപനസമിതി സെക്രട്ടറി എന്നിവരിൽ നിന്ന് ഒരാളെ ഇടവകതല പാക്ടിന്റെ കൺവീനറായി തെരഞ്ഞെടുക്കേണ്ടതാണ്.

മേല്പറഞ്ഞ വിധത്തിൽ ഇടവകതല പാക്ട് രൂപീകരിച്ച് അംഗങ്ങളുടെ പേരുവിവരങ്ങൾ 2026 ജൂൺ 30-ാം തിയ്യതിക്കു മുമ്പായി അതിരൂപത പാക്ട് സെക്രട്ടറിയേറ്റിൽ അറിയിക്കാൻ എല്ലാ ബഹു. വികാരിയച്ചന്മാരും പ്രത്യേകം ശ്രദ്ധിക്കണം.

വർഷംതോറും പ്രസിദ്ധീകരിക്കുന്ന അതിരൂപത അജപാലന പദ്ധതി അവലംബമാക്കി ഓരോ ഇടവകയിലും പാക്ടിനെ പ്രവർത്തനനിരതമാക്കുന്നതിൽ ബദ്ധശ്രദ്ധയുണ്ടാകണമെന്ന് ഏവരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹപരിപാലനയിൽ ആശ്രയമർപ്പിച്ച് നമുക്ക് മുന്നേറാം. അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ അമലോത്ഭവമാതാവിന്റെ പ്രാർത്ഥനകൾ നമുക്കെന്നും തുണയായിരിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB.: ഈ സർക്കുലർ 2026 ജൂൺ 7ന് വി. കുർബാന മധ്യേ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.
+ AT

ധനികനായ യുവാവ്

**എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരൻമാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും**

**(മത്താ. 19, 29)**